(സി) സർക്കാരുമായി കാരാറിലേർപ്പെടാതിരുന്ന മാനേജ്മെന്റുകൾക്ക് കീഴിലുള്ള കുട്ടികൾക്ക് PHC/CHC എന്നിവയിൽ അനുവദിച്ചുവന്നിരുന്ന സൗകര്യങ്ങളും പോസ്റ്റുമോർട്ടം കാണുന്നതിനും പഠിക്കുന്നതിനും നൽകി വന്നിരുന്ന സൗകര്യങ്ങളും പിൻവലിക്കുന്നതിന് തീരുമാനിച്ച് മാനേജ്മെന്റുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

M.B.B.S/B.D.S സീറ്റുകൾ ലാപ്സായതു സംബന്ധിച്ച്

118 (2671) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014-ൽ സർക്കാർ-സ്വാശ്രയ കോളേജുകളിലായി M.B.B.S./B.D.S. തുടങ്ങിയവയ്ക്കായി സർക്കാർ ക്വാട്ടയിലുള്ളതും സ്വകാര്യ-സ്വാശ്രയ-കോളേജുകളിലുള്ളതുമായ എത്ര സീറ്റുകൾ ലാപ്സായി എന്നു വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ-സ്വാശ്രയ-ലോബിയും സർക്കാരും ഒത്തുകളിച്ചതുകൊണ്ടാണ് അഡ്മിഷൻ പ്രക്രിയകൾ വൈകിയതും, സീറ്റുകൾ ലാപ്സായതുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 2014-ൽ എല്ലാതരത്തിലുമുള്ള അലോട്ട്മെന്റ് നടപടികൾ പൂർത്തിയായതിനുശേഷം, സർക്കാർ കോളേജുകളിൽ 10 ബി.ഡി.എസ്. സീറ്റും സ്വകാര്യ-സ്വാശ്രയ കോളേജുകളിൽ 103 ബി.ഡി.എസ്. സീറ്റും 6 എം.ബി.ബി.എസ്. സീറ്റും ഒഴിവുവന്നു.

(ബി) യാതൊരുവിധ ഒത്തുകളിയും നടന്നിട്ടില്ല. സുപ്രീംകോടതി വിധിക്കനുസൃതമായാണ് അഡ്മിഷനുകൾ നടത്തിയത്.

ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ കുറവ്

119 (2674) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകൾ എത്ര ; നിലവിലുള്ളവർ എത്ര, ഒഴിവുകളെത്ര ;

LIBRARY ARCHIVES Kerala Legislative Assembly